MINERAL DEPOSITS

*891. [27] **Sri. K. Ramachandran:** Will the Hon'ble the Chief Minister be pleased to state whether Government are aware that there is a large source of graphite, mica, sulphur, etc., in certain taluks in the Central and Southern portions of the State?

Chief Minister (**Sri. T. K. Narayana Pillai**):

Yes, as regards graphite and mica, but no deposits of sulphur are so far known.

Sri. K. Ramachandran: Do Government propose to tap these resources on a commercial basis?

Sri. T. K. Narayana Pillai: No. That is a Central subject.

CORRUPTION CASES

*892 [28] **Sri. K. Ramachandran:** Will the Hon'ble the Chief Minister be pleased to state.—

(*a*) the number of corruption cases charged in 1124 and 1125:

(*b*) the number and nature of punishments awarded; and

(*c*) whether Government is in a position to say that corruption is decreasing in the services?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി & സി) എല്ലാ കറപ്ഷനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ കിട്ടിയിട്ടില്ല. ബ്ലാക്ക് മാർക്കറിനെ സംബന്ധിച്ച ഒരു ഉത്തരം നേരത്തെ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: (സി).ഭാഗത്തിന്റെ ഉത്തരം പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നാണ് ഗവൺമെണ്ടിനു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ഹരിജൻ അദ്ധ്യാപകമർദ്ദനം

*വൺന. (ഫൻ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെടുമങ്ങാട് താലൂക്കിൽ, ആര്യനാട് പകുതിയിൽ, പുവച്ചൽ പ്രൈമറി സ്കൂളിലെ ഒരു ഹരിജൻ അദ്ധ്യാപകനെ ചായക്കടയിൽ പ്രവേശിച്ച് അയിത്തപ്പുലയനെന്ന കാരണത്താൽ അന്യായമായി അക്രമിച്ച് ദേഹോപദ്രവം ചെയ്തതായി പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവൺമെണ്ടിൽനിന്നും എന്തു നടപടികൾ നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ ഒരു കേസ് ചാർജ്ജു ചെയ്യുകയും പ്രസ്തുത കേസ് തിരുവനന്തപുരം ഡിസ്ട്രിക്ട് ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോർട്ടിൽ വിചാരണയിലിരിക്കുകയുമാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ചായക്കടയിൽ കയറി അയിത്തപ്പുലയൻ എന്നുള്ള കാരണത്തെ മുൻനിറുത്തിയാണോ ഈ ദേഹോപദ്രവം നടത്തിയതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ?

Mr. Speaker: That is a matter of opinion.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തേവൻ : അവശതാപരിഹാരത്തിനു് കോടതിയിൽ കേസ്സെടുക്കാൻ പാടില്ലെന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവശതാപരിഹാരബില്ലിലെ വ്യവസ്ഥപ്രകാരം ഇവക കാര്യങ്ങൾ വിചാരണ നടത്തുന്നതിനു് എല്ലാ കോടതികൾക്കും ബാദ്ധ്യതയുണ്ടു്.

ശ്രീ. ടി. വി. തേവൻ : പോലീസ് ഡിപ്പാർട്ട്മെന്റിനു് ഈ കാര്യങ്ങളിൽ ഒരു കേസ് ചാർജ്ജു് ചെയ്യാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവക്കു കേസ് ചാർജ്ജു് ചെയ്യാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ അദ്ധ്യാപകൻ വിദേശിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : വിദേശിയാണു്. അതിനുശേഷവും അവിടെ ഒരു അടിയുണ്ടായി.

പട്ടികജാതിക്കാർ

*വ്യ൯ ൪. (൯൦) ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ പിന്നോക്ക സമുദായ പട്ടികജാതി ലിസ്റ്റ് ബഹുമാനപ്പെട്ട ഇൻഡ്യാഗവണ്മെന്റും ഇൻഡ്യൻ പ്രസിഡണ്ടും അംഗീകരിച്ചു് നടപടികളും ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പട്ടികജാതി വിഭാഗങ്ങൾ തിരുവിതാംകൂർ വിഭാഗത്തിൽ എതെല്ലാം ;

(സി) കൊച്ചി വിഭാഗത്തിൽ എതെല്ലാം?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞരാമൻ) :

(എ) ഉണ്ടു്.

(ബി)യും, (സി)യും തിരുവിതാംകൂർ വിഭാഗത്തിനും കൊച്ചി വിഭാഗത്തിനും ഒരേ ലിസ്റ്റാണു് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതു്. പ്രസ്തുത ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

List

1. Ayyanavar
2. Bharatar
3. Chakkiliyan
4. Domban
5. Eravalan
6. Kakkalan
7. Kanakkan
8. Kavara
9. Kootan (Koodan)
10. Kuravan
11. Mannan
12. Nayadi
13. Padannan
14. Pallan
15. Palluvan
16. Panan
17. Paravan
18. Parayan(Sambavar)
19. Pathiyan
20. Perumannan
21. Pulayan
22. Thandan
23. Ulladan
24. Uraly
25. Vallon
26. Valluvan
27. Vannan
28. Velan
29. Vetan
30. Vettuvan

LIBRARY ARCHIVES Kerala Legislative Assembly